**കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

**(ഹാജർ – സോണിയ വി ആർ) ( ഇൻ- ചാർജ്)**

വിഷയം :- കാർഷിക വികസന കർഷകക്ഷേമ വകുപ്പ് – ജീവനക്കാര്യം – ഫെയർ കോപ്പി സൂപ്രണ്ട് ഹയർഗ്രേഡ് തസ്തികയിലേയ്ക്ക് റേഷ്യോ പ്രകാരമുള്ള ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു

സൂചന :- 1) 20/1/2016-ലെ ജി.ഒ. (പി) 7/2016/ഫിൻ നമ്പർ സർക്കാർ ഉത്തരവ്
2) 10/2/2021-ലെ ജി.ഒ. (പി) 27/20121/ഫിൻ നമ്പർ സർക്കാർ ഉത്തരവ്
3)ഈ കാര്യാലയത്തിലെ 13/7/2017, 05/10/2018, 08/11/2019, 17.04.2021 തീയതികളിലെ ഇതേ നമ്പർ ഉത്തരവ്

**ഉത്തരവ് നം. എസ്.എ.(2) 15424/2017 തീയതി. 9/ 02 / 2022**

പരാമർശം (1)-ലെ പത്താം ശമ്പള പരിഷ്കരണ ഉത്തരവിൽ ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലെ കേഡർ സ്ട്രെംഗ്ത്തിന്റെ 1/3 ഹയർഗ്രേഡ് തസ്തികയായി നിലനിർത്താൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ ഫെയർ കോപ്പി സൂപ്രണ്ടുമാരെ ഫെയർ കോപ്പി സൂപ്രണ്ട് (ഹയർ ഗ്രേഡ്) ആയി 35700-75600 രൂപ ശമ്പളസ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. അപ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ച ശ്രീമതി. ലൈല ജോസഫ് പ്രിൻസിപ്പൽ കൃഷി ഓഫീസ്, വയനാട് ), 30/04/2021-ന് സർവീസിൽ നിന്നും വിരമിച്ച ഒഴിവിൽ, സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ, പരാമർശം (2) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ഫെയർകോപ്പി സൂപ്രണ്ട് ശ്രീമതി. ശ്രീരാജി .പി.വി -ക്ക് (ജനനത്തീയതി- 16/5/1970) , 01/05/2021 പ്രാബല്യത്തിൽ 50200-105300 രൂപ ശമ്പള നിർക്കിൽ (പരിഷ്കരിച്ച നിരക്കിൽ ) ഫെയർകോപ്പി സൂപ്രണ്ട് (ഹയർഗ്രേഡ്) തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി നൽകിയും നിലവിലുള്ള ഓഫീസിൽ തുടരുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

ടിയാൾക്ക് പരാമർശം (2) സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കേരളാ സർവ്വീസ് റൂൾസ് ഭാഗം 1 ചട്ടം 28 എ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും കുടിശ്ശിക കൈപ്പറ്റുന്നതിനുമുള്ള അർഹത ഉണ്ടായിരിക്കുന്നതാണ്. എന്നാൽ റേഷ്യോ പ്രൊമോഷൻ ലഭിച്ച തീയതിക്കുള്ളിൽ 27 വർഷത്തെ സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ച് ലഭിച്ചിട്ടുള്ള പക്ഷം ഫെയർകോപ്പി സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയിൽ ശമ്പള നിർണ്ണയത്തിനുള്ള അർഹത ഉണ്ടായിരിക്കുന്നതല്ല.

ഈ ഉത്തരവ് പ്രകാരം ഫെയർ കോപ്പി സൂപ്രണ്ട് ഹയർ ഗ്രേഡായി ഉദ്യോഗക്കയറ്റം ലഭിച്ചത് സംബന്ധിച്ചുള്ള വിവരം ടിയാളുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

**ഒപ്പ് /-**
**കാർഷിക വികസന കർഷകക്ഷേമ**
**വകുപ്പ് ഡയറക്ടർ**

ശ്രീമതി. ശ്രീമതി. ശ്രീരാജി .പി. വി, ഫെയർ കോപ്പി സൂപ്രണ്ട് (മേലധികാരി മുഖേന)

പകർപ്പ് :-
1) എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും, കൃഷി ഡയറക്ടറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള മറ്റ് ഓഫീസ് തലവൻമാർക്കും
2) ഡയറക്ടറുടെ പി.എ.
3) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി. എ.
4) കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ഐ.റ്റി.സെൽ (വകുപ്പിന്റെ ഔദ്യോഗിക വെബ് -സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5) സ്റ്റോക്ക് ഫയൽ/സ്പെയർ

Junior Superintendent
SA Section
Directorate of Agriculture
Thiruvananthapuram - 2